# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 2681

10.07.15 -ലെ
മറുപടിക്ക്

### പതാക നൗക പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ബാബു എം.പാലിശ്ശേരി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പദ്ധതിനിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പതാകനൗക (ഫ്ലാഗ് ഷിപ്പ്) പരിപാടിയിൽ ഉൾപ്പെടുത്തി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായോ ; | എ) പദ്ധതിനിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പതാകനൗക (ഫ്ലാഗ് ഷിപ്പ്) പരിപാടിയിൽ ഉൾപ്പെടുത്തി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായി. |
| ബി) പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ ഫലമായി 2013-14, 2014-15 എന്നീ വാർഷിക പദ്ധതികളിൽ എന്ത് ഗുണകരമായ മാറ്റങ്ങളാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ ; | ബി) 2013-14, 2014-15 എന്നീ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ ഫ്ലാഗ് ഷിപ്പ് പദ്ധതികളുടെ പ്രവർത്തനം ചുവടെ ചേർക്കുന്നു.<br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിലൂടെ ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം പ്രാദേശികാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ആർ.ജി.ജി.വി.വൈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിൽ പൂർത്തിയായി. മറ്റു ജില്ലകളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആർ.എ.പി.ഡി. ആർ.പി പദ്ധതിയിലൂടെ എ.റ്റി.ആൻറ് സി നഷ്ടത്തെ 15 % മായി കുറയ്ക്കുവാൻ സാധിച്ചു. ഈ പദ്ധതിയുടെ കീഴിൽ നൂതന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഡാറ്റാ സെന്ററും ഉപഭോക്ത സംതൃപ്തി മെച്ചപ്പെടുത്തുന്നതിനായി ഒരു കേന്ദ്രീകൃത കോൾ സെന്ററും ആരംഭിച്ചു.<br>മറ്റു പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

സി) പ്രസ്തുത രണ്ടു വാർഷിക പദ്ധതികളിലും പദ്ധതിച്ചെലവിൽ മൂലധന നിക്ഷേപ ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഉപോൽബലകമായ കണക്കുകൾ നൽകാമോ ;

സി) മൂലധനനിക്ഷേപശതമാനം വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റ് പ്രകാരം അടിസ്ഥാന മൂലധനനിക്ഷേപശതമാനം ചുവടെ ചേർക്കുന്നു.

2011-12 - 30 %
2012-13 - 33 %
2013-14 - 30 %
2014-15 - 31 %

ഡി) പ്രസ്തുത പദ്ധതികളിൽ മൂലധന നിക്ഷേപ ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് 2014-15-ലെ പദ്ധതിച്ചെലവ് കുറയാൻ ഇടയായതെന്ന് അറിയിക്കാമോ ?

ഡി) 2014-15-ലെ പദ്ധതിച്ചെലവ് കുറഞ്ഞിട്ടില്ല . 31.03.2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം ചെലവഴിച്ച തുകയും (14252.27 കോടി) ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 1530 കോടി രൂപയും ഉൾപ്പെടെ പദ്ധതി അടങ്കലിന്റെ 79% 15782.27 കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്. പദ്ധതിച്ചെലവിൽ കാര്യമായ കുറവ് സംഭവിച്ചതായി കാണുന്നില്ല

Bijumon

സെക്ഷൻ ഓഫീസർ